Circular: 7/Gen /2018


# പൗരസ്ത്യ ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ അസോസിയേഷൻ

**ദേവലോകം, കോട്ടയം – 686 004**

**Ph: 0481 2572890, website: ossae.org, e-mail: dgossae@gmail.com**


## വിജ്ഞാപനം

പ്രിയ സൺഡേസ്കൂൾ പ്രവർത്തകരെ,

നമ്മുടെ കർത്താവ് അരുളിച്ചെയ്തു, "നിങ്ങൾ വളരെ ഫലം കായിക്കുന്നതിനാൽ എന്റെ പിതാവ് മഹത്വപ്പെടുന്നു; അങ്ങനെ നിങ്ങൾ എന്റെ ശിഷ്യന്മാർ ആകും" (യോഹ. 15:8). സൺഡേസ്കൂൾ പ്രസ്ഥാനത്തിൽ വളരെ ഫലം കായിക്കുന്ന കർത്തൃ ശിഷ്യരായി നമുക്കു തുടർന്നും പ്രവർത്തിക്കുവാൻ ദൈവംതമ്പുരാൻ സഹായിക്കട്ടെ. അർദ്ധവാർഷിക പരീക്ഷയ്ക്കും സഹപാഠ്യമത്സരങ്ങൾക്കുംവേണ്ടി ഒരുങ്ങുന്ന ഒരു സമയമാണല്ലോ ഇത്. സഹപാഠ്യമത്സരങ്ങൾ **ആഗസ്റ്റ് 19–ന്** സ്കൂൾതലത്തിൽ ആരംഭിക്കും. സ്കൂൾ, ഡിസ്ട്രിക്ട്, ഭദ്രാസന, സോണൽതല മത്സരങ്ങൾ കുറ്റമറ്റതായി നടത്തുവാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ. പരാതികൾ ഒഴിവാക്കുവാൻ സംഘാടകർ പ്രത്യേകം ശ്രമിക്കണം. പതിനൊന്നാം ക്ലാസ്സിലെ ഇംപ്രൂവ്മെന്റ് പരീക്ഷ സംബന്ധമായ വിശദമായ കാര്യം താഴെക്കൊടുത്തിട്ടുണ്ട്. സോണൽതല മത്സരങ്ങൾ **നവംബർ മാസം രണ്ടാം ശനിയാഴ്ച (നവംബർ 10)** നടന്നുകഴിഞ്ഞ്, മത്സരവിജയികൾ പൂരിപ്പിച്ചുനൽകാനുള്ള ഒരു ഡേറ്റാഫോം സംബന്ധിച്ചും താഴെക്കൊടുത്തിരിക്കുന്ന നിർദ്ദേശം പാലിക്കാനും എല്ലാവരും ശ്രദ്ധിക്കണം. വേദപ്രവീൺ ഡിപ്ലോമായ്ക്കുള്ള പ്രോജക്ട് വർക്കു സംബന്ധമായി ഓറിയന്റേഷൻ കോഴ്സ്, ഭദ്രാസന ഡയറക്ടർമാരുടെ ചുമതലയിൽ നടത്തുന്ന കാര്യവും അതിൽ കുട്ടികളെ നിർബന്ധമായും പങ്കെടുപ്പിക്കേണ്ട കാര്യവും ഓർമ്മിപ്പിക്കുന്നു. താഴെപ്പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക:

### 1. പതിനൊന്നാം ക്ലാസ്സിന്റെ ഇംപ്രൂവ്മെന്റ് പരീക്ഷ

കഴിഞ്ഞ വർഷം മുതൽ പതിനൊന്നാം ക്ലാസ് പരീക്ഷയും പത്ത്, പന്ത്രണ്ട് ക്ലാസുകളിലെ പരീക്ഷയോടൊപ്പം പൊതുപരീക്ഷയായി നടത്തുകയാണല്ലൊ. കഴിഞ്ഞ വർഷം പരീക്ഷ എഴുതിയ വിദ്യാർത്ഥികൾക്ക് പൊതുവെ മാർക്കു കുറവാണു ലഭിച്ചിരിക്കുന്നത് എന്നതുകൊണ്ട് മാർക്കു മെച്ചപ്പെടുത്തുവാൻ ആഗ്രഹിക്കുന്നവർക്കും രജിസ്റ്റർ ചെയ്തിട്ട് എഴുതുവാൻ പറ്റാതെ പോയവർക്കും ഒരവസരം നൽകുവാൻ തീരുമാനിച്ചിരിക്കുന്നു. 2017 ലെ ചോദ്യപേപ്പറിന്റെ മാതൃകയിൽ തന്നെയായിരിക്കും ചോദ്യപേപ്പർ തയ്യാറാക്കുന്നത്. ഇതിനുവേണ്ടിയുള്ള പരീക്ഷ **2018 ആഗസ്റ്റ് 5-ാം തീയതി ഞായറാഴ്ച ഉച്ചക്ക് 2 മുതൽ 4 വരെ** നടത്തുന്നതാണ്. പ്രസ്തുത പരീക്ഷയ്ക്കു ചേരുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ 50 രൂപാ ഫീസ് സഹിതം ഹെഡ്മാസ്റ്ററുടെ പക്കൽ പേരുകൾ നൽകണം. ഹെഡ്മാസ്റ്റർ അങ്ങനെയുള്ള കുട്ടികളുടെ പേരുകൾ കഴിഞ്ഞ വർഷത്തെ അവരുടെ റജിസ്റ്റർ നമ്പർ സഹിതം, നിർദ്ദിഷ്ട ഫോമിൽ **ജൂലൈ 15-നു മുമ്പ്** ഇൻസ്പെക്ടർമാരെ ഏൽപ്പിക്കണം (2 കോപ്പി). ഇൻസ്പെക്ടർമാർ ലിസ്റ്റിന്റെ ഒരു കോപ്പി ജൂലൈ 30-നു മുമ്പ് കേന്ദ്രത്തിൽ ഏല്പിക്കുകയും നിശ്ചിത തീയതിയിൽ പരീക്ഷ നടത്തുവാൻ ക്രമീകരണങ്ങൾ ചെയ്യുകയും വേണം.

**2. XI, XII ക്ലാസ്സുകളിലെ പരീക്ഷാമാതൃകയിലുള്ള മാറ്റം**

ഈ വർഷം XI, XII ക്ലാസ്സുകളിലെ വാർഷിക പരീക്ഷയുടെ ചോദ്യപേപ്പറുകളുടെ മാതൃകയിൽ വന്നിരിക്കുന്ന മാറ്റം ശ്രദ്ധിക്കണം. 2018 ലെ അർദ്ധവാർഷിക പരീക്ഷ യുടെ ചോദ്യപേപ്പറിന്റെ മാതൃക തന്നെയായിരിക്കും വാർഷിക പരീക്ഷയ്ക്കും സ്വീക രിക്കുന്നത്. (ഓബ്ജക്ടീവ് ടൈപ്പ് ചോദ്യങ്ങളും ഉണ്ടായിരിക്കും.)

**3. XII-ാം ക്ലാസ്സിലെ പ്രൈവറ്റ് പരീക്ഷ**

2018 ലെ പൊതു പരീക്ഷയോടൊപ്പം പന്ത്രണ്ടാം ക്ലാസിൽ പ്രൈവറ്റ് ആയി പരീക്ഷ എഴുതുവാൻ ആഗ്രഹിക്കുന്നവർക്കുവേണ്ടിയുള്ള പരീക്ഷയും മുൻപുള്ള മോഡലിൽ തന്നെ നടത്തുന്നതാണ്. കുട്ടികൾക്കൊപ്പം പരീക്ഷ എഴുതുവാൻ ബുദ്ധിമുട്ടുള്ള സൺഡേസ്കൂൾ പ്രവർത്തകർക്ക് ഡയറക്ടർ ക്രമീകരിക്കുന്ന പ്രത്യേക സെന്ററിൽ പരീക്ഷ എഴുതാവുന്നതാണ്. അങ്ങനെയുള്ളവർ അതിനുവേണ്ടിയുള്ള പ്രത്യേക അപേക്ഷകൂടി പൂരിപ്പിച്ചു നൽകേണ്ടതാണ്.

**4. സോണൽതലത്തിലെ മത്സരവിജയികളുടെ ഫോട്ടോ**

സോണൽതല മത്സരം കഴിഞ്ഞാലുടൻതന്നെ ഒന്നും രണ്ടും സ്ഥാനം ലഭിച്ചവർ ചീഫ് സൂപ്രണ്ടിൽനിന്നും ലഭിക്കുന്ന ഒരു ഡേറ്റാഫോം പൂരിപ്പിച്ച് പാസ്പോർട്ട് സൈസ് ഫോട്ടോയുടെ രണ്ടു കോപ്പിയോടൊപ്പം (ഒരു കോപ്പി ഫോമിൽ ഒട്ടിക്കുക) നൽകേണ്ടതാണ്. ഇതുതന്നെ ആയിരിക്കും പ്രതിഭാമത്സരത്തിലേക്കുള്ള എൻട്രി ഫോം. എൻട്രി ഫോം തരുന്നവർക്കു മാത്രമേ സൺഡേസ്കൂൾ പ്രതിഭാമത്സരങ്ങൾക്കു പങ്കെടുക്കുവാൻ സാധിക്കുകയുള്ളു.

**5. സ്കോളർഷിപ്പ്**

വിദ്യാഭ്യാസ സ്കോളർഷിപ്പ്: ഒ.എസ്.എസ്.എ.ഇ.യുടെ ചുമതലയിൽ നടത്തുവാൻ കുവൈറ്റ് സെന്റ് ഗ്രീഗോറിയോസ് ഇടവക ഏർപ്പെടുത്തിയിട്ടുള്ളതാണ് 'കുവൈറ്റ് സെന്റ് ഗ്രീഗോറിയോസ് മഹാഇടവക എഡ്യുക്കേഷണൽ സ്കോളർഷിപ്പ്.' സൺഡേ സ്കൂൾ പന്ത്രണ്ടാം ക്ലാസ് പാസ്സായിട്ടുള്ള വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സ് ഒഴികെയുള്ള ബിരുദ പഠനത്തിനായിട്ടാണ് ഈ സ്കോളർഷിപ്പ് നൽകുന്നത്. പൂരിപ്പിച്ച അപേക്ഷകൾ സർട്ടിഫിക്കേറ്റുകൾ സഹിതം ഒ.എസ്എസ്.എ.ഇ കേന്ദ്ര ഓഫിസിലേക്ക് അയയ്ക്കുക. അപേക്ഷാഫാറം കേന്ദ്ര ഓഫീസിലും വെബ്സൈറ്റിലും (www.ossae.org/downloads) ലഭ്യമാണ്.

ഒ.എസ്.എസ്.എ.ഇ. ജീവകാരുണ്യനിധിയിൽനിന്നുള്ള വിദ്യാഭ്യാസസ്കോളർഷി പ്പിനും ഇതേ അപേക്ഷാഫാറം ഉപയോഗിച്ച് അപേക്ഷിക്കാവുന്നതാണ്. എല്ലാ അപേ ക്ഷകളും **2018 സെപ്റ്റംബർ 15 നകം** കേന്ദ്ര ഓഫിസിൽ ലഭിച്ചിരിക്കണം.

**6. വാർഷിക പൊതുയോഗം**

**ഈ വർഷത്തെ വാർഷിക പൊതുയോഗം സെപ്റ്റംബർ 20-ാം തീയതി വ്യാഴാഴ്ച ആയിരിക്കും നടക്കുന്നത്.**

എല്ലാവർക്കുംവേണ്ടി പ്രാർത്ഥിച്ചുകൊണ്ടും നന്മകൾ ആശംസിച്ചുകൊണ്ടും,

കർത്തൃശുശ്രൂഷയിൽ
നിങ്ങളുടെ സഹപ്രവർത്തകൻ

OSSAE ആഫീസ്, ദേവലോകം
2018 ജൂൺ 17

**ജേക്കബ് കുര്യനച്ചൻ**
ഡയറക്ടർ ജനറൽ